

# നോമ്പ് രണ്ടാം ബുധൻ - മത്താ 9: 1-8

തളർവാതരോഗിയെ ഈശോ സുഖപ്പെടുത്തുന്നതാണ് വിചിന്തനവിഷയം. തളർവാതരോഗിയുടെ സുഹൃത്തക്കളാണ് കിടക്കയോടുകൂടി അവനെ ഈശോയുടെ അടുക്കൽ കൊണ്ടുവരുന്നത്. ഈശോ രോഗിയുടെ ആത്മാവിനെയും ശരീരത്തെയും സുഖപ്പെടുത്തുന്നു. തളർവാതരോഗിയുടെ ശരീരം സുഖം പ്രാപിച്ചുവെന്ന് വിശ്വസിക്കുന്നതുപോലെതന്നെ അവന്റെ ആത്മാവും സുഖം പ്രാപിച്ചുവെന്ന് നാം വിശ്വസിക്കണമെന്ന് വി.അംബ്രോസ് പറയുന്നു.

നിന്റെ കിടക്കയെടുത്ത് നടക്കുക എന്നാണ് ഈശോ തളർവാതരോഗിയോട് പറയുന്നത്. ഇതുവരെ കിടക്ക അവനെ വഹിച്ചെങ്കിൽ ഇനി കിടക്കയും വഹിച്ചാണ് അവൻ മുന്നോട്ടു നീങ്ങുന്നത്. അവന്റെ രോഗാവസ്ഥയുടെ അടയാളമായിരുന്ന കിടക്ക അവന്റെ ആരോഗ്യാവസ്ഥയുടെ സാക്ഷ്യമായിത്തീരുന്നു. അവന്റെ സഹനകിടക്ക അവന്റെ സൗഖ്യത്തിന്റെ ചിഹ്നമായിത്തീരുന്നു. തന്നിൽനിന്നും സൗഖ്യം സ്വീകരിച്ചവനിൽനിന്നും വിശ്വാസത്തിന്റെ പ്രവൃത്തിയോ, പ്രതികരണമോ ആയിട്ടാണ് അവനോട് കിടക്കയെടുത്ത് പോകുവാൻ ഈശോ പറയുന്നതെന്നാണ് വി. അംബ്രോസ് വ്യാഖ്യാനിക്കുന്നത്. കിടക്കയെടുക്കാൻ മാത്രമല്ല, വീട്ടിലേക്ക് തിരികെ പോകാനും ഈശോ അവനോട് ആവശ്യപ്പെടുന്നു. പാപംമൂലം നഷ്ടപ്പെട്ട ആത്മീയപറുദീസയായ യഥാർത്ഥഭവനത്തിലേക്കുള്ള അവന്റെ തിരിച്ചുപോക്കാണ് ഇത് സൂചിപ്പിക്കുന്നത്. ആത്മാവിന്റെ വൈദ്യനായ കർത്താവിനെ നമുക്കും വിശ്വാസത്തോടെ സമീപിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്